അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങളിൽ അഹ്ലുസ്സുന്നത്തിവൽജമാഅത്തിന്റെ വിശ്വാസം

ഗ്രന്ഥകർത്താവ്: *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* (رَحِمَهُ اللهُ)
ഗ്രന്ഥം: فتح رب البرية بتلخيص الحموية
വിവർത്തനം: *ഹംസ ജമാലി*

അഹ്ലുസ്സുന്നത്തി വൽജമാഅ: പ്രവർത്തിയിലും, വിശ്വാസത്തിലും നബി(ﷺ)യുടെ സുന്നത്തിനെ പ്രത്യക്ഷവും പരോക്ഷവുമായ നിലയിൽ സ്വീകരിക്കുന്നതിൽ ഐക്യപ്പെട്ടവരാണ്.

അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിൽ അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം താഴെ വരും പ്രകാരമാണ്.

ഒന്നാമതായി: الإثبات(സ്ഥിരീകരണം). അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവന്റെ പ്രവാചക(ﷺ)ന്റെ നാവിലൂടെയോ തനിക്ക് ഉള്ളതായി സ്ഥിരീകരിച്ചവ തദനുസാരം അതിൽ വ്യാഖ്യാനങ്ങളോ നിരാകരണമോ രൂപസങ്കല്പമോ സാദൃശ്യപ്പെടുത്തലോ കൂടാതെ സ്ഥിരീകരിക്കുക.

രണ്ടാമതായി: النفي(നിഷേധം). അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവന്റെ പ്രവാചക(ﷺ)ന്റെ നാവിലൂടെയോ തന്റെമേൽ നിഷിദ്ധമായ നിഷേധ ഗുണങ്ങളെ നിഷേധിക്കുക. അതോടൊപ്പം അല്ലാഹുവിന് നിഷിദ്ധമായ നിഷേധ ഗുണങ്ങൾക്ക് എതിരായ ഗുണങ്ങളാണ് അല്ലാഹുവിനുള്ളത് എന്ന് വിശ്വസിക്കുകയും ചെയ്യുക.

മൂന്നാമതായി: لم يَرِدْ نفيه ولا إثباته പ്രമാണങ്ങളിലൂടെ അല്ലാഹുവിന് സ്ഥിരീകരിക്കപ്പെടുകയോ, നിഷേധിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത الجسم (ദേഹം), الـحَيِّز (സ്ഥലം), الجهة (ദിശ) തുടങ്ങി ജനങ്ങൾ വിയോജിച്ചിട്ടുള്ളവ സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ വിട്ടുനില്ക്കുക. എന്നാൽ അവയുടെ അർത്ഥത്തെക്കുറിച്ച് വിശദീകരണം തേടുകയും അങ്ങനെ അല്ലാഹുവിന്റെ പരിശുദ്ധിക്ക് യോജിക്കാത്ത, അയാഥാർത്ഥ്യമാണ് അത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ അത് തള്ളപ്പെടുന്നതാണ്. അതല്ല അല്ലാഹുവിന് യോജിക്കുന്ന ആശയമാണെങ്കിൽ അത് സ്വീകരിക്കുകയും ചെയ്യും.

ഇതാണ് നിർബന്ധമായും സ്വീകരിക്കേണ്ട മാർഗം. ഇത് അവയെ നിരാകരിക്കുന്നവരുടെയും സാദൃശ്യപ്പെടുന്നവരുടെയും ഇടയിലുള്ള മിതമായ അഭിപ്രായം കൂടിയാകുന്നു.

ഈ മാർഗം സ്വീകരിക്കൽ നിർബന്ധമാണെന്ന് ബുദ്ധിയും പ്രമാണവും സമ്മതിക്കുന്നു. അല്ലാഹുവിന് അനിവാര്യവും അനുവദനീയവും അസംഭവ്യവുമായ കാര്യങ്ങളിലെ വിശദീകരണം പ്രമാണം കൊണ്ടല്ലാതെ അറിയാൻ സാധ്യമല്ല.

അപ്പോൾ പ്രമാണത്തെ പിൻപറ്റിക്കൊണ്ട് ഉള്ളതായി സ്ഥിരീകരിച്ചവരെ സ്ഥിരീകരിക്കാനും നിഷിദ്ധമായ നിഷേധ ഗുണങ്ങളെ നിഷേധിക്കുകയും മൗനം പാലിച്ചതിൽ മൗനമവലംബിക്കുകയും ചെയ്യൽ നിർബന്ധമാകുന്നു. അല്ലാഹു പറയുന്നു:

﴿وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ ﴿١٨٠﴾﴾ الأعراف: ١٨٠

അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും. (അൽഅഅ്റാഫ്: 180)

മറ്റൊരധ്യായത്തിൽ വീണ്ടും

﴿لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾﴾ الشورى: ١١

''അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.'' (അശ്ശൂറാ: 11)

മറ്റൊരധ്യായത്തിൽ

﴿وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ﴾ الإسراء: ٣٦

''നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്'' (അൽഇസ്റാഅ്: 36)

ഒന്നാമത്തെ ആയത്ത്: അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ വ്യാഖ്യാനങ്ങളോ, നിരാകരണമോ കൂടാതെ സ്ഥിരീകരിക്കൽ നിർബന്ധമാണെന്ന് അറിയിക്കുന്നു. കാരണം അത് രണ്ടും കൃത്രിമം കാണിക്കലാകുന്നു.

രണ്ടാമത്തെ ആയത്ത്: അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ സാദൃശ്യപ്പെടുത്തൽ കൂടാതെ സ്ഥിരീകരിക്കൽ നിർബന്ധമാണെന്ന് അറിയിക്കുന്നു.

മൂന്നാമത്തെ ആയത്ത്: അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ രൂപസങ്കല്പമില്ലാതെ സ്ഥിരീകരിക്കുകയും അപ്രകാരം അല്ലാഹുവിന് സ്ഥിരീകരിക്കപ്പെടുകയോ, നിഷേധിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തവയിൽ സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ, വിട്ടുനിൽക്കുകയും ചെയ്യൽ നിർബന്ധമാണെന്ന് അറിയിക്കുന്നു.

ഇങ്ങനെ അല്ലാഹുവിന് സ്ഥിരപ്പെട്ട എല്ലാ ഗുണങ്ങളും സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന പരിപൂർണമായ ഗുണങ്ങളാകുന്നു. യാതൊരുവിധത്തിലുള്ള ന്യൂനതകളും അവയ്ക്കില്ല. എന്നിരിക്കെ അല്ലാഹുവിന് സ്ഥിരപ്പെട്ട പരിപൂർണമായ എല്ലാ ഗുണങ്ങളും എല്ലാ വിധത്തിലും പരിപൂർണമായത് തന്നെയാണ്.

അപ്രകാരം അല്ലാഹു അവന്ന് ഇല്ല എന്നറിയിച്ച എല്ലാ നിഷേധ ഗുണങ്ങളും അല്ലാഹുവിന്ന് നിർബന്ധമായും ഉണ്ടാകേണ്ട ഗുണങ്ങൾക്ക് എതിരാകുന്നതാണ്. എല്ലാ സൽഗുണങ്ങളിലും അല്ലാഹു പരിപൂർണനായിരിക്കെ ന്യൂനതകളടങ്ങിയ ഗുണങ്ങളും അവന്ന് അസംഭവ്യമാകുന്നു. അതുപോലെ അല്ലാഹു അവന്ന് ഏതൊന്ന് നിഷിദ്ധമാക്കുന്നുവെങ്കിൽ അല്ലാഹുവിന്ന് നിഷിദ്ധമായ ആ നിഷേധ ഗുണം ഇല്ലെന്ന് അംഗീകരിക്കുന്നതോടൊപ്പം അല്ലാഹുവിന് നിഷിദ്ധമായ ആ

നിഷേധഗുണത്തിന് എതിരായ ഗുണങ്ങളെ പരിപൂർണമായും സ്ഥീകരിക്കൽ കൂടിയാകുന്നു. എന്തുകൊണ്ടെന്നാൽ പ്രശംസനീയമായ ഒരു ഗുണം സ്ഥിരീകരിക്കാതെ നിഷേധ ഗുണം മാത്രം പരിപൂർണതയെ കുറിക്കുകയില്ല. കാരണം ചിലപ്പോൾ അശക്തത അതിന് കാരണമാകുന്നു. ഒരു കവിയുടെ വാക്കുകൾ നോക്കൂ:

قُبِيِّلَةٌ لا يغدرون بذمة، ولا يظلمون الناس حبة خردل

''വഞ്ചന കാണിക്കാത്ത ഒരു ഗോത്രം! അവർ ജനങ്ങളോട് ഒരു കടുക് മണിയോളവും അനീതി പ്രവർത്തിക്കുന്നുമില്ല.''* *ഈ ഗോത്രത്തിന് ശത്രുക്കളെ എതിർക്കുവാനുള്ള ശേഷിയില്ലാത്തതിനെ കവി നിന്ദിച്ചു പാടിയതാണിത്.*

അതായത് അല്ലാഹു അവന്ന് നിഷിദ്ധമാക്കിയ ഗുണങ്ങളിൽപെട്ടതാണല്ലോ 'അക്രമം പ്രവർത്തിക്കൽ'. അതായത് അക്രമം പ്രവർത്തിക്കുക എന്ന നിഷേധ ഗുണം നിഷേധിക്കുന്നതോടൊപ്പം അതിന്റെ എതിർഗുണമായ നീതിപാലനം പരിപൂർണ മായും സ്ഥിരീകരിക്കുകകൂടി ചെയ്യുന്നു. അല്ലാഹു അവന്ന് നിഷിദ്ധമാക്കിയ ഗുണങ്ങളിൽപെട്ടതാണ് 'ക്ഷീണമുണ്ടാവുക' എന്നത്. എന്നുവെച്ചാൽ 'ക്ഷീണം ഉണ്ടാവുക' എന്ന നിഷേധ ഗുണം നിഷേധിക്കുന്നതോടൊപ്പം അതിന്റെ എതിർഗുണമായ ശക്തി പരിപൂർണമായും സ്ഥിരീകരിക്കുകകൂടി ചെയ്യുന്നു. ഇങ്ങനെയാണ് എല്ലാ നിഷേധ ഗുണങ്ങളെയും നിഷേധിക്കേണ്ടത്.

التحريف അത്തഹ്‌രീഫ്

ഭാഷാപരമായി മാറ്റംവരുത്തൽ എന്നാണിതിന്നർത്ഥം

'നസ്സ്വി'ന്റെ പദത്തിലോ അർത്ഥത്തിലോ മാറ്റംവരുത്തുക വ്യാഖ്യാനിക്കുക എന്നതാണ് സാങ്കേതികാർത്ഥം. പദപരമായ മാറ്റത്തോടൊപ്പം അർത്ഥം വ്യത്യാസപ്പെടുകയും അല്ലാതെ യുമിരിക്കും. ഇത് മൂന്ന് ഇനമാകുന്നു.

1. പദത്തെ മാറ്റുന്നതോടൊപ്പം അർത്ഥം മാറുന്നവ

ഉദാഹരണം :

﴿ وَكَلَّمَ ٱللَّهُ مُوسَىٰ تَكۡلِيمٗا ١٦٤ ﴾ النساء: ١٦٤

മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു. (നിസാഅ്:164)

എന്ന ആയത്തിലെ ٱللَّهُ (അല്ലാഹു) എന്നതിന് ഉകാരത്തിന് പകരം ٱللَّهَ (അല്ലാഹ) എന്ന് ചിലർ 'അ'കാരം കൊടുക്കുന്നത് പോലെ. ഇത് മുഖേന ആയത്തിന്റെ അർത്ഥം അല്ലാഹുവോട് മൂസാ നേരിട്ട് സംസാരിക്കുകയും ചെയ്തുവെന്നായി മാറും.

2. പദത്തെ മാറ്റുന്നതോടൊപ്പം അർത്ഥത്തിൽ മാറ്റം വരാത്തവ

ഉദാഹരണം:

﴿ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢ ﴾ الفاتحة: ٢

സ്തുതി സർവലോക പരിപാലകനായ അല്ലാഹു വിന്നാകുന്നു. (ഫാതിഹ:2)

എന്ന ആയത്തിലെ اَلْحَمْدُ (അൽഹംദു) എന്നതിന് 'ഉ'കാരത്തിന് പകരം اَلْحَمْدَ (അൽഹംദ) എന്ന്

അകാരം കൊടുക്കുന്നത് പോലെ. ഇതുകൊണ്ട് ആയത്തിന്റെ അർഥം മാറുകയില്ല. അജ്ഞതയിൽ നിന്നാണ് സാധാരണ ഇത്തരം അബദ്ധങ്ങൾ ഉണ്ടാകുക. ഇതുകൊണ്ട് അവർക്ക് പ്രത്യേക ഉദ്ദേശ്യവും ഉണ്ടാകാറില്ല.

3. അർത്ഥം മാറ്റുക. പ്രമാണത്തിന്റെ പിൻബലമില്ലാതെ ബാഹ്യമായ അർത്ഥത്തെ മാറ്റുക.

ഉദാഹരണം: അല്ലാഹുവിന്റെ ഇരു കൈകളെ ശക്തി, അനുഗ്രഹം തുടങ്ങിയ അർത്ഥങ്ങളാക്കി മാറ്റുക.

التعطيل അത്തഅ്ത്വീൽ

ഭാഷാപരമായി ശൂന്യമാക്കുക, നിഷേധിക്കുക എന്നൊക്കെയാണർത്ഥം

അല്ലാഹുവിന്ന് നിർബന്ധമായ നാമവിശേഷണങ്ങളെ മുഴുവനോ ഭാഗികമോ നിരാകരിക്കുക എന്നതാണിവിടെ സാങ്കേതികാർത്ഥം. ഇത് രണ്ട് ഇനമാകുന്നു.

1. മൊത്തത്തിൽ നിഷേധിക്കുക. അഥവാ അല്ലാഹുവിന്റെ വിശേഷണങ്ങളെ പാടെ നിഷേധിക്കുന്ന ജഹ്മിയാക്കളെപ്പോലെ മൊത്തത്തിൽ നിരാകരിക്കുക. അവരിലെ അതിരുകവിഞ്ഞവർ അല്ലാഹുവിന്റെ നാമങ്ങളെയും നിരാകരിക്കുന്നു.
2. ഭാഗികമായി നിഷേധിക്കുക. അഥവാ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ചിലതിനെ മാത്രം നിഷേധിക്കുകയും ബാക്കിയുള്ളവയെ സ്ഥിരപ്പെടുത്തുകയും ചെയ്ത അശ്അരിയാക്കളെപ്പോലെ.

ജഅദിബ്നു ദിർഹം എന്ന വ്യക്തിയാണ് ഈ സമുദായത്തിൽ ആദ്യമായി തഅ്ത്വീലിനു തുടക്കം കുറിച്ചത്.

التكييف അത്തക്‌യീഫ്

അല്ലാഹുവിന്റെ വിശേഷണങ്ങൾക്ക് രൂപസങ്കൽപമുണ്ടാക്കുക. ഉദാഹണം: അല്ലാഹുവിന്റെ കയ്യിനെ രൂപസങ്കൽപമുണ്ടാക്കുക, അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങുന്നത് ഇന്നിന്നപ്രകാരമാണെന്ന് സങ്കൽപിക്കുക. ഇതൊക്കെ അതിനുദാഹരണങ്ങളാണ്. (നമുക്ക് പരിചയമുള്ള ഇറക്കമോ, കയറ്റമോ സങ്കൽപിച്ചുകൂടാ.)

التمثيل والتشبيه അത്തംഥീലു വത്തശ്ബീഹ്

ഒന്നിന് തുല്യമായി മറ്റൊന്നിനെ സ്ഥിരീകരിക്കുന്നതിനാണ് **التمثيل** *'അത്തംഥീൽ'* എന്ന് പറയുക.

ഒരു വസ്തുവിന് സാദൃശ്യമായത് സ്ഥാപിക്കുന്നതിന് **التشبيه** *'തശ്ബീഹ്'* എന്നുപറയുന്നു.

التمثيل എന്നാൽ എല്ലാ നിലയ്ക്കും സമപ്പെടുത്തലാകുന്നു. التشبيه എന്നത് കൂടുതൽ ഗുണങ്ങളിലും സമപ്പെടുത്തലാകുന്നു. ഇവ പരസ്പരം ഒന്ന് മറ്റൊന്നായി പൊതുവെ പറയപ്പെടാറുണ്ട്. ഇവ രണ്ടിന്റെയും രൂപസങ്കൽപത്തിന്റേയും (التكييف) ഇടയിൽ രണ്ടു നിലക്കുള്ള വ്യത്യാസങ്ങളാണുള്ളത്.

ഒന്ന്: ഒരു വസ്തുവിന്റെ രൂപത്തെ ഉപാധിയോടെയോ നിരുപാധികമോ വിവരിക്കലാണ് രൂപ സങ്കൽപമെന്നത്(التكييف). എന്നാൽ തുല്ല്യപ്പെടുത്തപ്പെടുന്നതും സാദൃശ്യപ്പെടുത്തപ്പെടുന്നതുമായ വസ്തുവിനോട് നിരുപാധികമായി അറിയിക്കുന്നതാണ് തംഥീലും തശ്ബീഹും.

ഇതനുസരിച്ച് രൂപസങ്കൽപം(التكييف) ഒരു പൊതുവായ (عام) പ്രയോഗമാണ്. എന്തുകൊണ്ടെന്നാൽ സാദൃശ്യപ്പെടുത്തപ്പെടുന്നതെല്ലാം തന്നെ രൂപം സങ്കൽപിക്കപ്പെട്ടതാകുന്നു. എന്നാൽ സങ്കൽപിക്കുന്നതിനെല്ലാം രൂപമുണ്ടായികൊള്ളണമെന്നില്ല.

രണ്ട്: അല്ലാഹുവിന്റെ വിശേഷണങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ് രൂപസങ്കൽപം(التكييف). എന്നാൽ തുല്യപ്പെടുത്തൽ(التمثيل) ഔന്നത്യത്തിലും, വിശേഷണത്തിലും, സത്തയിലുമൊക്കെ ഉണ്ടാകും. ഇതനുസരിച്ച് തുല്യപ്പെടുത്തൽ ഒരു പൊതുവായ (عام) പ്രയോഗമാണ്.

ഇനി ജനങ്ങൾ പിഴച്ചുപോകുന്ന സാദൃശ്യപ്പെടുത്തൽ(التشبيه) രണ്ടു വിധമാകുന്നു.

സൃഷ്ടിയെ സ്രഷ്ടാവിനോട് സാദൃശ്യപ്പെടുത്തൽ

സൃഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തൽ

സൃഷ്ടിയെ സ്രഷ്ടാവിനോട് സാദൃശ്യപ്പെടുത്തുക എന്നതിന്റെ അർത്ഥം: സ്രഷ്ടാവിന് മാത്രം പ്രത്യേകമാകുന്ന പ്രവർത്തികൾ, അവകാശങ്ങൾ, വിശേഷണങ്ങൾ തുടങ്ങിയതിലേതെങ്കിലുമൊന്നിനെ സൃഷ്ടികൾക്ക് വകവെച്ചുകൊടുക്കലാകുന്നു.

ഒന്നാമത്തേത്: അല്ലാഹുവിന്റെ കൂടെ മറ്റൊരു സ്രഷ്ടാവുണ്ടെന്ന് ജൽപിക്കുന്നു, അഥവാ അല്ലാഹുവിന്റെ റുബൂബിയ്യത്തിൽ (രക്ഷാകർതൃത്വത്തിൽ) പങ്കുചേർക്കലാണത്.

രണ്ടാമത്തേത്: ബഹുദൈവ വിശ്വാസികൾ ചെയ്യുന്നതുപോലെ വിഗ്രഹങ്ങൾക്ക് ആരാധനയിൽ പങ്കുണ്ടെന്ന് വിശ്വസിക്കുകയും അവയ്ക്ക് ആരാധനകൾ അർപ്പിക്കുകയും ചെയ്യലാണ്.

മൂന്ന്: നബി(ﷺ)യെയും മറ്റും പുകഴ്ത്തുന്നതിൽ അതിരു കവിഞ്ഞവരുടെ പ്രവൃത്തിപോലെ 'അബ്ദുല്ലാഹിബ്നു യഹ്‌യ അൽ ബുഹ്തരി'യെ കവി 'മുതനബ്ബി'[1] പുകഴ്ത്തിയത് അതിനൊരുദാഹരണമാണ്.

فكن كما شئت يا من لا شبيه له، وكيف شئت فما خلق يدانيكا

"ഓ തുല്ല്യതയില്ലാത്തവനേ, അവിടുന്ന് ഉദ്ദേശിച്ചതുപോലെ ആയിക്കൊള്ളുക. അവിടുന്ന് എങ്ങിനെ ഉദ്ദേശിക്കുകയാണെങ്കിലും അങ്ങയോട് സാദൃശ്യമാകാൻ ഒരു സൃഷ്ടിയുമില്ല തന്നെ."

[1] അബ്ബാസിയ്യാ കാലത്ത് അറിയപ്പെട്ട രണ്ടു കവികളാണിവർ. ഇവർ രണ്ടുപേർക്കും കവിതാസമാഹാരങ്ങളുണ്ട്.

സൃഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക: അല്ലാഹുവിന്റെ സത്ത(الذات)യിലോ വിശേഷണത്തിലോ സൃഷ്ടികളുടേതുപോലുള്ളവയെ സ്ഥിരീകരിക്കുക എന്നാണ് സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക എന്നതിന്നർത്ഥം. അല്ലാഹുവിന്റെ കൈ സൃഷ്ടികളുടെ കൈകളെപ്പോലെയാണെന്നോ, അല്ലാഹുവിന്റെ സിംഹാസനാരോഹണം സൃഷ്ടികളുടേതു പോലെയാണെന്നോ പറയുന്നത് ഇതിനുദാഹരണങ്ങളാണ്.

ആദ്യമായി സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തിയതായി അറിയപ്പെടുന്നത് ശിയാക്കളിലെ തീവ്രവാദികളായ റാഫിളിയാക്കളിൽപ്പെട്ട 'ഹിശാമുബ്നുൽഹകം' ആണെന്ന് പറയപ്പെടുന്നു.

والله أعلم

الإلحاد ഇൽഹാദ് അഥവാ കൃത്രിമം കാണിക്കൽ

ഇൽഹാദ് എന്നാൽ വ്യതിയാനം എന്നാണ് ഭാഷാർത്ഥം.

സാങ്കേതികമായി വിശ്വസിക്കലോ അല്ലെങ്കിൽ പ്രവർത്തിക്കലോ നിർബന്ധമായതിൽ നിന്നും വ്യതിചലിക്കലാകുന്നു. ഇത് രണ്ടു വിഭാഗമാകുന്നു.

ഒന്ന്: അല്ലാഹുവിന്റെ നാമങ്ങളിൽ

രണ്ട്: അല്ലാഹുവിന്റെ വചനങ്ങളിൽ

അല്ലാഹുവിന്റെ നാമങ്ങളിലുള്ള വ്യതിചലന(الإلحاد)മെന്നതുകൊണ്ട് വിവക്ഷ: അതിൽ നിർബന്ധമായും വിശ്വസിക്കേണ്ട യാഥാർഥ്യത്തിൽ നിന്നും ശരിയായ ആശയത്തിൽ നിന്നും വ്യതിചലിക്കുക എന്നതാണ്. അത് നാല് ഇനങ്ങളാകുന്നു.

1. **അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ നിഷേധിക്കുന്ന കക്ഷികൾ (المعطلة) ചെയ്തതുപോലെ അതിൽ നിന്ന് ചിലതിനെ നിഷേധിക്കൽ.**

2. **അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സൃഷ്ടികളുടേതിനു സാദൃശ്യപ്പെടുത്തുന്ന കക്ഷികൾ (*മുശബ്ബിഹാക്കൾ*) ചെയ്തതു പോലെ അതിനെ സൃഷ്ടികളുടേതിന് സാദൃശ്യപ്പെടുത്തൽ.**

3. **ക്രിസ്ത്യാനികൾ അല്ലാഹുവിനെ 'പിതാവ്' എന്നും, ദാർശനികർ 'ആദികാരണം' എന്നെല്ലാം വിളിക്കുന്നതുപോലെ അല്ലാഹു അവന്ന് സ്വീകരിച്ചിട്ടില്ലാത്ത നാമങ്ങൾ വിളിക്കൽ. കാരണം അല്ലാഹുവിന്റെ നാമങ്ങൾ പ്രമാണാടിസ്ഥാനത്തിലാകുന്നു.**

4. **الإله (അൽഇലാഹ്) എന്ന പദത്തിൽ നിന്ന് اللات (അല്ലാത്ത) എന്നും العزيز (അൽ അസീസ്) എന്ന പദത്തിൽ നിന്ന് العزى (അൽഉസ്സാ) എന്നും ഉരുത്തിരിഞ്ഞതുപോലെ, അല്ലാഹുവിന്റെ നാമങ്ങളിൽ നിന്ന് വിഗ്രഹങ്ങൾക്ക് നാമങ്ങൾ ഉരുത്തിരിച്ചെടുക്കൽ.**

അല്ലാഹുവിന്റെ വചനങ്ങളിലുള്ള (الإلحاد) വ്യതിചലനമെന്നതുകൊണ്ട് വിവക്ഷ: അവ പ്രമാണ വചനങ്ങളിലാണുണ്ടാവുക (الآيات الشرعية). അഥവാ പ്രവാചകന്മാർ കൊണ്ടുവന്ന നിയമങ്ങളിലും (الأحكام), വൃത്താന്തങ്ങളിലും (الأخبار). അപ്രകാരം അല്ലാഹു ആകാശങ്ങളിലും ഭൂമിയിലും

സൃഷ്ടിച്ചതും സൃഷ്ടിക്കുന്നതുമായ സൃഷ്ടിപരമായ ദൃഷ്ടാന്തങ്ങളിലും (الآيات الكوني) ആളുകൾ കൃത്രിമത്വം കാണിക്കും.

പദമോ അർത്ഥമോ വ്യാഖ്യാനിക്കുക, വൃത്താന്തങ്ങളെ കളവാക്കുക, നിയമങ്ങളെ ആജ്ഞലംഘനം നടത്തുക തുടങ്ങിയവയാണ് പ്രമാണ വചനങ്ങളിലുണ്ടാവുന്ന (الآيات الشرعية) വ്യതിചലനം.

സൃഷ്ടിപരമായ ദൃഷ്ടാന്തങ്ങളിൽ (الآيات الكوني) സംഭവിക്കുന്ന വ്യതിചലനം സൃഷ്ടിപ്പിനെ അല്ലാഹുവല്ലാത്തവരിലേക്ക് ചേർക്കലാകുന്നു. അല്ലെങ്കിൽ അതിൽ അല്ലാഹുവിന് പങ്കാളിയുണ്ടെന്നോ സഹായിയുണ്ടെന്നോ വിശ്വസിക്കൽ.